# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3193 — 21-08-2017 ൽ മറുപടിയ്ക്ക്

## തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | :<br>:<br>: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ തീരദേശ തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാ ബോട്ടുകൾ സർവ്വീസ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വിശദമാക്കുമോ ;<br><br>(ബി) ഏതൊക്കെ തുറമുഖങ്ങളെ ബന്ധിപ്പിച്ചാണ് അപ്രകാരം സർവ്വീസ് നടത്തുന്നതെന്ന് വിശദീകരിക്കുമോ ; | (എ) യും (ബി) യും തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കേരള തീരത്തുള്ള തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അതിവേഗ യാത്രാ ബോട്ട് സർവ്വീസ് ആരംഭിക്കുന്നുണ്ട്. കോവളം (വിഴിഞ്ഞം) - കന്യാകുമാരി, കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ച് അതിവേഗ യാത്രാ ബോട്ട് സർവ്വീസ് നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. |
| (സി) പ്രസ്തുത ബോട്ട് സർവ്വീസ് നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) സേഫ് ബോട്ട് ട്രിപ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന ഏജൻസിയെയാണ് സർവ്വീസ് നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ളത് |
| (ഡി) വിനോദ സഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകി പ്രസ്തുത പദ്ധതി നടപ്പാക്കുമോ ; വിശദമാക്കുമോ ;<br><br>(ഇ) ആയതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വെളിപ്പെടുത്തുമോ ? | (ഡി) യും (ഇ) യും വിനോദസഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വിഴിഞ്ഞം - കന്യാകുമാരി, കൊച്ചി - തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് എന്നീ വിനോദസഞ്ചാരകേന്ദ്രങ്ങളെ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് ഈ പ്രോജക്ട്. കേരളത്തിന്റെ ബീച്ചുകളെ തീരദേശ വിനോദ സഞ്ചാര കേന്ദ്രങ്ങളായി വളർത്തുന്നതിന് ആലപ്പുഴയിൽ ഒരു മറീന സ്ഥാപിക്കുന്നതിനും മറ്റിടങ്ങളിൽ വാട്ടർ സ്പോർട്ട്സ് സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വാട്ടർ സ്പോർട്ട്സ് കേന്ദ്രങ്ങൾ സ്ഥാപിച്ച് നടത്താൻ സന്നദ്ധതയുള്ള സ്വകാര്യ സംരംഭകരിൽ നിന്നും തുറമുഖ വകുപ്പ് താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ